യോഹ. 16 : 12 – 15

**2024 മെയ് 26**

# വചനസന്ദേശം

**ഫാ. ഡിബിൻ മീമ്പന്താനത്ത്**

സത്യാത്മാവിനെ ചേർത്തു നിർത്തുന്നവർ

വി. ജോൺ ക്രിസോസ്റ്റം പറയുന്നു 'A comprehended God is no God'. ദൈവത്തെ പൂർണ്ണമായും മനസിലാക്കിയാൽ അത് ദൈവമല്ലത്രെ!

ദൈവത്തെ ആരെങ്കിലും മനസിലാക്കാൻ ശ്രമിക്കുമായിരിക്കാം എങ്കിലും പൂർണമായും മനസ്സിലാകുമോ എന്നതിനുറപ്പില്ല! ആർജിച്ചെടുക്കേണ്ടതല്ല മറിച്ച് വെളിപ്പെട്ട് കിട്ടേണ്ടതാണെന്നു സാരം.

സുവിശേഷത്തിൽ ഈശോ ശിഷ്യരോടും പറയുന്നതും ഇതുതന്നെ 'അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്ക് കഴിവില്ല.... ...സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്ക് നയിക്കും.' പരിശുദ്ധ ത്രിത്വത്തെ പരാമർശിക്കുന്ന തെളിവാർന്നൊരു സുവിശേഷഭാഗമാണെന്നിരിക്കലും ജീവിതാംശമുള്ള രണ്ടു ചിന്തകൾ ധ്യാനിക്കാം

## 1. ചേർത്ത് നിർത്തുക.

കഷ്ടപെട്ട് പണിയെടുത്ത് കുടുംബം പുലർത്തി സ്വസ്ഥമായി ജീവിച്ചിരുന്നവരെ, എല്ലാം ഉപേക്ഷിച്ച് തന്റെ പിന്നാലെ വരാൻ ക്ഷണിച്ചിട്ട്, കുറേ കഴിയുമ്പോൾ, നിങ്ങൾക്ക് ഇതൊക്കെ ഉൾകൊള്ളാൻ ഉള്ള കഴിവില്ല എന്നവരോട് പറയുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു!??

ജീവിതത്തിൽ, മനസ്സിലാക്കാനുള്ള കഴിവ് നഷ്ടപ്പെടുത്തുന്ന എന്തുമാത്രം ഇടങ്ങളാണ് ഉള്ളത് ? വിവാഹത്തിന് മുൻപ്, പറയാതെ തന്നെ മനസ്സിലാക്കിയിരുന്ന കാര്യങ്ങൾ പിന്നീട് പലവട്ടം ആണയിട്ട് പറഞ്ഞിട്ടും മനസ്സിലാക്കാത്ത എത്രയോ കുടുംബ ബന്ധങ്ങൾ!

ചില സൗഹൃദങ്ങളിൽ വിള്ളൽ വീണു തുടങ്ങുന്നതും മനസിലാക്കാൻ കഴിയാതെ വരുമ്പോഴാണ്.

സ്കൂളിൽ കുട്ടികൾക്കും, ഒരുപക്ഷെ മുതിർന്നവർക്കും എല്ലാ കാര്യങ്ങളും ഉൾക്കൊള്ളാനോ മനസ്സിലാക്കാനോ സാധിക്കണമെന്നില്ല!

അനുദിന ജീവിതത്തിൽ ഇതിന് ഉദാഹരണങ്ങൾ ധാരാളം ഉണ്ടെങ്കിലും സുവിശേഷത്തിൽ തന്നെ ശിഷ്യർ യേശു പറയുന്ന കാര്യങ്ങളെ മനസിലാക്കിയിരുന്ന സംഭവങ്ങൾ മാത്രം ഓർത്തെടുത്താൽ തന്നെ അത് ധാരാളമാണ്. യേശു ശിഷ്യരോട് പറയുന്നു 'അവ ഉൾകൊള്ളാൻ ഇപ്പോൾ നിങ്ങൾക് കഴിവില്ല'

പലപ്പോഴും മറ്റുള്ളവർ തങ്ങളെ മനസിലാക്കുന്നില്ല, ഉൾക്കൊള്ളുന്നില്ല എന്നറിയുമ്പോൾ അത് നിരാശയിലേക്കോ, മടുപ്പിലേക്കോ, എല്ലാം അവസാനിപ്പിക്കാം എന്ന തീരുമാനത്തിലേക്കോ ഒക്കെ പോകാൻ സാധ്യതയുണ്ട്. ഇവിടെയാണ് ഈശോ വ്യത്യസ്തനാകുന്നത്. ശിഷ്യരെ ഉപേക്ഷിക്കുകയോ മാറ്റി നിർത്തുകയോ ചെയ്യാതെ അവർക്ക് ഒരു സഹായകനെ 'പരിശുദ്ധാത്മാവിനെ' വാഗ്ദാനം ചെയ്യുന്നു. അവരെ അവരുടെ കുറവുകളോടെ മനസിലാക്കി അവർക്ക് പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയുന്ന ഈശോ പ്രത്യാശയുടെ ഒരു വാതിലാണ് നമുക്കായി തുറക്കുന്നത്. കുറവുകളുള്ളവരെ, കൂടുതൽ സ്നേഹിക്കാനുള്ള ഒരു ക്ഷണമായി ഈ സുവിശേഷ ഭാഗം മാറുന്നു.

വീണ്ടു വിചാരം: നമ്മൾ പ്രതീക്ഷിക്കുന്ന ക്വാളിറ്റി എല്ലാത്തിനും നമുക്ക് കിട്ടണം എന്നില്ല! വസ്തുക്കൾ ആണെങ്കിൽ ഒരുപക്ഷെ നമുക്ക് മാറ്റി മേടിക്കാം പക്ഷെ ബന്ധങ്ങൾ (മനുഷ്യർ) അങ്ങനെ ആവണമെന്നില്ലല്ലോ!

## 2. സത്യാത്മാവിനെ സ്വീകരിക്കുന്നവരാവുക.

നുണകൾ സത്യത്തിൽ പൊതിഞ്ഞ് വിൽക്കുന്ന ഈ കാലഘട്ടത്തിൽ, സത്യമേത് നുണയെതെന്നു തിരിച്ചറിയാൻ പ്രയാസപ്പെടുന്ന സമയം നമ്മൾ പ്രാർത്ഥിക്കേണ്ടത് സത്യാത്മാവിന് വേണ്ടിയാണ്. എന്താണ് ഈ സത്യാത്മാവിന്റെ പ്രത്യേകതകൾ 'കേൾക്കുന്നവ മാത്രം സംസാരിക്കും', 'എനിക്കുള്ളവയിൽ നിന്ന് സ്വീകരിച്ചു നിങ്ങളോടു പ്രഖ്യാപിക്കും' '...അങ്ങനെ അവൻ എന്നെ മഹത്വപ്പെടുത്തും'

എന്ന് വെച്ചാൽ ഉറവിടങ്ങളിൽ നിന്ന് കേൾക്കുന്ന സത്യമായവ മാത്രമേ പരിശുദ്ധാത്മാവ് പ്രഖ്യാപിക്കു. പരിശുദ്ധാത്മാവ് പുത്രനെ മഹത്വപ്പെടുത്തുന്ന ആത്മാവ് കൂടിയാണ്. അങ്ങനെയെങ്കിൽ നമ്മൾ പ്രാർത്ഥിക്കേണ്ടത് ഈ ആത്മാവിനു വേണ്ടിയാണ്, കാരണം ഒരു സംഭവത്തെ ക്കുറിച്ചു വ്യാഖ്യാനങ്ങളും ഉപവ്യാഖ്യാനങ്ങളും ഗോസിപ്സും നിറഞ്ഞു നിൽക്കുന്ന ഈ കാലഘട്ടത്തിൽ സത്യമെന്തെന്നു അറിയാനും സത്യത്തിലേക്ക് വഴിനടത്തുവാനും, നമ്മുടെ ജീവിതവും പ്രവർത്തികളും വഴി ഈശോയെ മഹത്വപ്പെടുത്താനും നമ്മെ സഹായിക്കുന്നത് ഈ പരിശുദ്ധാത്മാവാണ്. സഭയിലും സമൂഹത്തിലും കുടുംബത്തിൽ പോലും സത്യത്തെ തമസ്ക്കരിക്കയും നീതിയും ന്യായവും നിഷേധിക്കുകയും ചിലപ്പോഴെങ്കിലും പുണ്യങ്ങൾ കൊണ്ട് സത്യത്തെ മറച്ചുപിടിക്കുന്ന അവസരങ്ങളിലൂടെ കടന്നുപോകുകയും ചെയ്യുമ്പോൾ നമുക്ക് പ്രതീക്ഷ നൽകുന്നത് സത്യം തന്നെയായ ക്രിസ്തുവും അവൻ വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവും ആ സത്യത്തിനു വേണ്ടി ജീവൻ ബലികഴിച്ച അനേകം രക്തസാക്ഷികളുമാണ്.

ഇരുൾ വീണ വഴികളിലൂടെ ഞാൻ നടക്കുമ്പോൾ നിത്യമാം പ്രകാശമേ എന്നെ നയിച്ചാലും എന്ന് വി. ജോൺ ഹെൻട്രി ന്യൂമന്റെ പ്രാർത്ഥന പോലെ നമുക്കും ഈ സത്യമാത്മാവിനുവേണ്ടി പ്രാർത്ഥിക്കുന്നവരാകാം.

സത്യത്തിന്റെ ഉറവിടമായ പിതാവും സത്യം തന്നെയായ പുത്രനും സത്യത്തിലേക്ക് നയിക്കുന്ന പരിശുദ്ധത്മാവും ഈ തിരുനാൾ ദിനത്തിൽ നമ്മെ അനുഗ്രഹിക്കട്ടെ. F